ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണത്തിനായി സ്വകാര്യ കൺസൾട്ടൻസിയെ ഏല്പിക്കൽ

57 [1887] *ശ്രീ കോടിയേരി ബാലകൃഷ്ണൻ:*

,, വി. കെ. ചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സ്വകാര്യ കൺസൾട്ടൻസിയെ ഏല്പിക്കാൻ ആലോചിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വാട്ടർ അതോറിറ്റിക്ക് ഈ പദ്ധതികളുടെ പുനരുദ്ധാരണത്തിനാവശ്യമായ സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ സ്വകാര്യ കൺസൾട്ടൻസിയെ ഏല്പിക്കുവാൻ ആലോചിച്ചതിന്റെ സാഹചര്യമെന്താണ്;

(ഡി) യഥാർത്ഥ പുനരുദ്ധാരണത്തിനാവശ്യമായ തുകയെക്കാൾ വൻതുക കൺസൾട്ടൻസിക്കുതന്നെ കൊടുക്കേണ്ടിവരുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല പദ്ധതികൾ പൂർണ്ണമായും വാട്ടർ അതോറിറ്റിയുടെതന്നെ മേൽനോട്ടത്തിൽ നിർവ്വഹണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) – (ഇ) വിവരം ശേഖരിച്ചുവരുന്നു.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ചെറുകിട ജലസേചന വിഭാഗത്തിന്റെ പണികൾ

58 [1888] *ശ്രീ എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വിഭാഗം 2001 മേയ് മുതൽ 2005 മേയ് മാസം വരെ കഴക്കൂട്ടം നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏതൊക്കെ പണികളാണ് നടപ്പിലാക്കിയത്; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ ഏതൊക്കെ പണികളുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിരുന്നത്; ഇതിൽ എത്രയെണ്ണം അംഗീകരിച്ചു; മറ്റുള്ളവയ്ക്ക് അംഗീകാരം നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly